(ബി) സ്മാർട്ട് സിറ്റി കൊച്ചിയുടെ പാട്ടക്കരാർ ഒപ്പിട്ടത് ഏത് വർഷത്തിലെന്നും, പദ്ധതിക്ക് പ്രത്യേക സാമ്പത്തിക മേഖലയ്ക്കുള്ള അനുമതി ലഭിച്ചത് ഏത് വർഷത്തിലെന്നും വ്യക്തമാക്കാമോ ;

(സി) സ്മാർട്ട് സിറ്റി കൊച്ചി സംരംഭത്തിൽ സർക്കാർ പങ്കാളിത്തം എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 6.5 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. മന്ദിരത്തിന്റെ നിർമ്മാണം നടന്നുവരുന്നു. കൂടാതെ 3. 5 കിലോമീറ്റർ നീളത്തിലുള്ള റോഡ്, പാലം എന്നിവയുടെ നിർമ്മാണ പ്രവൃത്തികളും മറ്റ് അനുബന്ധ മരാമത്ത് പണികളും പുരോഗമിച്ചുവരുന്നു.

(ബി) 2011 ഫെബ്രുവരി മാസത്തിൽ; സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെട്ട 'എ' ഭൂമിക്ക് 2011 മാർച്ച് മാസത്തിലും 'ബി' ഭൂമിക്ക് 2014 ഫെബ്രുവരി മാസത്തിലും പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭ്യമായി.

(സി) 16 ശതമാനം.

കിൻഫ്രയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സങ്ങൾ

239 (4230) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കിൻഫ്രക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ കാരണം എന്താണ്;

(ബി) കിൻഫ്രയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലെ തടസ്സങ്ങൾ മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കിൻഫ്രയ്ക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്രസർക്കാർ പുതുതായി പുറപ്പെടുവിച്ച The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013-ന് അനുസൃതമായി പുറപ്പെടുവിക്കേണ്ട ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ തടസ്സപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കിൻഫ്രയ്ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലെ തടസ്സങ്ങൾ മാറ്റുന്നതിന് (സംസ്ഥാനത്ത് പുതിയ ലാന്റ് അക്വിസിഷൻ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതുവരെ) കിൻഫ്രയ്ക്ക് അത്യാവശ്യം വേണ്ട ഭൂമി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ഉഭയകക്ഷിസമ്മതപ്രകാരം നേരിട്ട് വിലയ്ക്ക് വാങ്ങുന്നതിന് 23-7-2014-ൽ ബഹു. വ്യവസായവും വിവരസാങ്കേതികവും വകുപ്പ്, റവന്യൂ വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ കൂടിയ ഉന്നതതല യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നു.

(സി) 1993-ലെ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ആക്ടിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള കിൻഫ്രയ്ക്ക് ആവശ്യമായ പ്രവർത്തന സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്.

പാണപ്പുഴയിലെ കിൻഫ്ര പാർക്ക്

240 (4231) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ ജില്ലയിലെ പാണപ്പുഴ വില്ലേജിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിക്രമം ഏതുവരെയായി ;

(ബി) സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി മന്ദഗതിയിലായതിന്റെ കാരണമെന്താണ് ;

(സി) ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ എയർപോർട്ടിന് സമീപത്ത് മട്ടന്നൂരിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കാനുള്ള ഭൂമി ഏറ്റെടുത്തിട്ടുള്ളതുകൊണ്ടും വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവയുടെ സമീപ പ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് സോണുകൾ സ്ഥാപിക്കുവാനാണ് മുൻഗണന എന്നുള്ളതുകൊണ്ടും കണ്ണൂർ ജില്ലയിലെ പാണപ്പുഴ വില്ലേജിൽ ആരംഭിക്കാൻ ഉദ്ദേശിച്ചിരുന്ന വ്യവസായ പാർക്ക് വേണ്ടെന്ന് വയ്ക്കാൻ 24-7-2014 -ൽ ചേർന്ന 64-ാമത് കിൻഫ്ര ബോർഡ് തീരുമാനിച്ചിരിക്കുകയാണ്.

(ബി-സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly